# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 84 | 08.01.2014-ൽ മറുപടിയ്ക്ക്

## വിവാഹ ധനസഹായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. എ. പി.അനിൽകുമാർ<br>(ബഹു: പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) നിർദ്ധനരായ പട്ടിക ജാതിക്കാരായ യുവതികളുടെ വിവാഹധനസഹായ പദ്ധതി പ്രകാരം നൽകേണ്ട തുക മുടങ്ങാനിടയായ സാഹചര്യം വിശദമാക്കാമോ; | (എ) നിർദ്ധനരായ പട്ടികജാതി പെൺകുട്ടികൾക്ക് നൽകുന്ന വിവാഹ ധനസഹായം 19.09.2012-ലെ സ.ഉ. (കൈ) നം.125/12/പജപവവിവ ഉത്തരവ് പ്രകാരം 01.04.2012 മുതൽ മുൻകാല പ്രാബല്യത്തോടെ 20,000/- രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ വിവാഹ ധനസഹായത്തിന് അപേക്ഷിക്കുന്നതിനുള്ള വരുമാന പരിധി 22,000/- രൂപയിൽ നിന്നും 50,000/- രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. വരുമാന പരിധി വർദ്ധിപ്പിച്ചതിനാൽ അപേക്ഷകരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് മൂലം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായി തീർന്നു. അങ്ങനെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3118.50 ലക്ഷം രൂപയുടെ കുടിശ്ശിക |

കൊടുത്തു തീർക്കാനുണ്ടായിരുന്നതു മൂലമാണ് ധനസഹായ വിതരണത്തിൽ കാലതാമസമുണ്ടായത്.

| | | | |
|---|---|---|---|
| (ബി) | വിവാഹ ധനസഹായം വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിനനുസൃതമായി തുക ബജറ്റിൽ വകയിരുത്തിയിരുന്നോ; വിശദാംശം നൽകാമോ; | (ബി) & (സി) | 2013-14-ൽ 20 കോടി രൂപ പ്രസ്തുത ആവശ്യത്തിനായി വകയിരുത്തിയിരുന്നു. കൂടാതെ 6 കോടി രൂപ റീ അപ്രോപിയേഷൻ മുഖേന അധികമായി അനുവദിക്കുകയും ചെയ്തു. ഇതിനു പുറമേ 27.12.2013-ലെ ഉത്തരവ് പ്രകാരം 45,71,15,000 രൂപ കൂടി അധികമായി ഇതിനായി അനുവദിക്കുകയും 31.10.2013 വരെ അപേക്ഷ നൽകിയ എല്ലാവർക്കും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | വിവാഹങ്ങൾ മുടങ്ങാതിരിക്കുവാനും അർഹരായ അപേക്ഷകർക്കെല്ലാം ഉടനടി തുക വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ; | | |
| (ഡി) | എത്ര കാലം മുമ്പു വരെ അപേക്ഷ നൽകിയവർക്കാണ് ധനസഹായം നൽകാതിരിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | 2012 സെപ്റ്റംബർ മുതൽ നൽകിയ അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചു നൽകുന്നതിൽ കാലതാമസമുണ്ടായത് |

സെക്ഷൻ ഓഫീസർ.